# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4044** **25/06/2014-ൽ മറുപടിക്ക്**

## കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | (എ)<br>&<br>(ബി) | 08/01/2014-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് 03/02/2014-ലെ G.O. (MS) No.39/2014/H&FWD ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് തീരുമാനമെടുത്തതെന്നും എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | | |
| (സി) | ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (സി) | കൊച്ചിയിലെ നിർദ്ദിഷ്ട കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനായി Detailed Project Report (DPR) തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ഹോസ്പിറ്റൽ സർവ്വീസസ് കൺസൽട്ടൻസി കോർപ്പറേഷൻ ലിമിറ്റഡിനെ (HSCC) ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എത്ര രൂപയാണ് ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്നത് ; | (ഡി)<br>(ഇ)<br>&<br>(എഫ്) | നിർദ്ദിഷ്ട കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കി വരുന്നതേയുള്ളൂ. DPR- സംബന്ധിച്ചും അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി, എറണാകുളം ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം 28/06/2014-ന് ചേരാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ഇ) | സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | | |
| (എഫ്) | ഗവേഷണ കേന്ദ്രം എന്ന് പൂർണ്ണ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ